**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 564** **09-06-2021 - ൽ മറുപടിയ്ക്ക്**

**ദേവസ്വം ബോർഡുകൾക്ക് സാമ്പത്തിക സഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | **Shri K. Radhakrishnan**<br>(പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ വികസനവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| (എ) | ദേവസ്വം ബോർഡ് ക്ഷേത്രങ്ങളിലെ ജീവനക്കാരുടെയും പെൻഷനായവരുടെയും ആനുകൂല്യങ്ങൾ മുടങ്ങുന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | ഉണ്ട്. കോവിഡ് ലോക്ഡൗൺ മൂലം സംസ്ഥാനത്തെ ക്ഷേത്രങ്ങളിൽ ഭക്തജനങ്ങളെ പ്രവേശിപ്പിക്കാൻ സാധിക്കാതിരുന്നതുമൂലമുണ്ടായ വരുമാന നഷ്ടം നികത്തുന്നതിനും ദേവസ്വം ബോർഡ് ക്ഷേത്രങ്ങളിലെ ജീവനക്കാരുടെയും പെൻഷനായവരുടെയും ആനുകൂല്യങ്ങൾ മുടങ്ങുന്നതുൾപ്പെടെയുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുമായി തിരുവിതാംകൂർ ദേവസ്വം ബോർഡിന് പ്രളയത്തെ തുടർന്നും മറ്റ് വിവിധകാരണങ്ങളാലും ഉണ്ടായ വരുമാന നഷ്ടം തടയുന്നതിന് അനുവദിച്ച 30കോടി രൂപയ്ക്ക് പുറമേ കോവിഡ് പാക്കേജിൽ ഉൾപ്പെടുത്തി 90 കോടി രൂപയും (ആകെ 120 കോടി) കൊച്ചിൻ ദേവസ്വം ബോർഡിന് 25 കോടി രൂപയും മലബാർ ദേവസ്വം ബോർഡിന് 20 കോടി രൂപയും കൂടൽമാണിക്യം ദേവസ്വത്തിന് 15 ലക്ഷം രൂപയും സാമ്പത്തിക സഹായം അനുവദിച്ചിട്ടുണ്ട്. |
| (ബി) | ലോക്ക്ഡൗൺ മൂലം സംസ്ഥാനത്തെ ക്ഷേത്രങ്ങൾക്ക് ഉണ്ടായിരിക്കുന്ന വരുമാന നഷ്ടത്തിന്റെ ഭാഗമായി എന്തെങ്കിലും സാമ്പത്തിക സഹായം ദേവസ്വം ബോർഡുകൾക്ക് നൽകുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ എന്ന് അറിയിക്കാമോ; | (ബി) | മേൽ പരാമർശിച്ച ധനസഹായത്തിന് പുറമേ അധിക ധനസഹായം അനുവദിക്കുന്നത് പരിശോധിച്ച് വരുന്നു |
| (സി) | ക്ഷേത്ര വഴിപാടുകൾ ഓൺലൈനിലൂടെ ബുക്ക് ചെയ്യുന്നതിനും ആയതിന്റെ വരുമാനം അതത് ക്ഷേത്രങ്ങൾക്കു നൽകുന്നതിനും വഴിപാട് പ്രസാദം പോസ്റ്റ് വഴി എത്തിക്കുന്നതിനും നടപടി സ്വീകരിയ്ക്കുന്ന കാര്യം പരിശോധിക്കുമോ? | (സി) | ക്ഷേത്രങ്ങളിലെ ദർശന സമയം, പ്രസാദം, വഴിപാടുകൾ, പൂജകൾ, താമസ സൗകര്യം എന്നിവ മുൻകൂട്ടി ഓൺലൈനിലൂടെ ബുക്ക് ചെയ്യുന്നതിന് സഹയകമാകുന്നതരത്തിൽ മൊബൈൽ ആപ്ലിക്കേഷൻ ഉൾപ്പെടെയുള്ള ഡിജിറ്റൽ സങ്കേതങ്ങൾ ഉപയോഗപ്പെടുത്തുവാൻ 20/08/2020-ലെ റവ-ദേവ3/147/2020-റവ നമ്പർ കത്ത് (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു) മുഖേന എല്ലാ ദേവസ്വങ്ങൾക്കും നിർദ്ദേശം നൽകിയിരുന്നു. |

സെക്ഷൻ ഓഫീസർ

**File No.REV-DEV3/147/2020-REV**

"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

റവന്യൂ(ദേവസ്വം) വകുപ്പ്
0471-2518147
secretariatdevaswom@gmail.com

നമ്പർ.റവ-ദേവ3/147/2020-റവ 20/08/2020,തിരുവനന്തപുരം

പ്രിൻസിപ്പൽ സെക്രട്ടറി

1. കമ്മീഷണർ, തിരുവിതാംകൂർ ദേവസ്വം ബോർഡ്, തിരുവനന്തപുരം.
2. കമ്മീഷണർ, കൊച്ചിൻ ദേവസ്വം ബോർഡ്, തൃശ്ശൂർ.
3. കമ്മീഷണർ, മലബാർ ദേവസ്വം ബോർഡ്, കോഴിക്കോട്.
4. അഡ്മിനിസ്ട്രേറ്റർ, ഗുരുവായൂർ ദേവസ്വം, ഗുരുവായൂർ.
5. അഡ്മിനിസ്ട്രേറ്റർ, കൂടൽമാണിക്യം ദേവസ്വം, ഇരിങ്ങാലക്കുട.

സർ,

വിഷയം:- റവന്യൂ(ദേവസ്വം) വകുപ്പ് - ഭക്തജനങ്ങളെ ക്ഷേത്രങ്ങളുമായി ബന്ധിപ്പിക്കുന്നത് ഡിജിറ്റൽ സങ്കേതങ്ങൾ അവതരിപ്പിക്കുന്നത് - സംബന്ധിച്ച്.

മേൽ വിഷയത്തിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. ക്ഷേത്രങ്ങളിൽ ദർശന സമയം, പ്രസാദം, വഴിപാടുകൾ, പൂജകൾ, താമസ സൗകര്യം മുതലായവ മുൻകൂട്ടി ബുക്ക് ചെയ്യുന്നതിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുന്നത് തിരക്ക് നിയന്ത്രിക്കുന്നതിനും കൃത്യമായി സാമൂഹിക അകലം പാലിക്കപ്പെടുന്നതിനും സഹായകമാകുമെന്നതിനാൽ തിരുപ്പതി ക്ഷേത്രത്തിന്റെ മാതൃകയിൽ മൊബൈൽ ആപ്ലിക്കേഷൻ ഉൾപ്പെടെയുള്ള ഡിജിറ്റൽ സങ്കേതങ്ങൾ ഉപയോഗപ്പെടുത്തി ക്ഷേത്രങ്ങളിൽ മേൽ പറഞ്ഞ ദർശന സൗകര്യങ്ങൾ അവതരിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് സർക്കാർ അനുമതിക്കായി ലഭ്യമാക്കാൻ താല്പര്യപ്പെടുന്നു.

തിരുപ്പതി ക്ഷേത്രത്തിന് ഇതിനായുള്ള സാങ്കേതിക സഹായം സൗജന്യമായാണ് ഒരു സ്ഥാപനം നൽകിയതെന്ന് കാണുന്നു ആയതിനാൽ അത്തരത്തിലുള്ള സാധ്യതകൾ ഇതിലേക്കായി ടെണ്ടർ ക്ഷണിക്കുമ്പോൾ

**File No.REV-DEV3/147/2020-REV**

പരിശോധിക്കേണ്ടതും മുൻപരിചയമുള്ള മികച്ച സ്ഥാപനങ്ങളെ കണ്ടെത്തേണ്ടതുമാണെന്ന് നിർദ്ദേശിക്കുന്നു.

വിശ്വസ്തതയോടെ,
V. VILASACHANDRAN NAIR
ADDITIONAL SECRETARY
പ്രിൻസിപ്പൽ സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ.